# അസ്നാന് വേണ്ടി ഒരു നാട് കൈകോർക്കുന്നു

ഇരിങ്ങാലക്കുട ● അർബുദ രോഗ ബാധിതനായ മൂന്നു വയസ്സുകാരന്റെ ജീവനായി ഒരു ഗ്രാമം കൈകോർക്കുന്നു. പടിയൂർ പഞ്ചായത്തിലെ ഏഴാം വാർഡിൽ നിലംപതിക്കടുത്ത് താമസിക്കുന്ന ഊളക്കൽ അക്ബർ- ഷാഹിന ദമ്പതികളുടെ മകൻ അസ്നാനാണ് അർബുദം ബാധിച്ച് ചികിൽസയിൽ കഴിയുന്നത്.

ജനിതക സാമ്യമുള്ള ഒരു രക്തമൂലകോശ (സ്റ്റെം സെൽ) ദാതാവിനെ ലഭിച്ചാൽ മാത്രമേ അസ്നാന്റെ തുടർ ചികിത്സ സാധ്യമാകുവെന്നാണ് ഡോക്ടർമാർ പറഞ്ഞത്. ഇതേ തുടർന്ന് രക്തമൂലകോശങ്ങൾ ദാനം ചെയ്യാൻ ഒരു ഗ്രാമം മുഴുവൻ മുന്നോട്ടു വരുകയാണ്.

ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ധാത്രി' എൻജിഒ, മൈ ഐജെകെ ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയുടെ സഹായത്തോടെ ജൂൺ 11ന് പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ മൂലകോശദാന ക്യാംപുകൾ സംഘടിപ്പിക്കും. എടതിരിഞ്ഞി എച്ച്ഡിപി സമാജം ഹാളിൽ ചേർന്ന യോഗത്തിൽ ധാത്രി പ്രവർത്തകനായ ഹെറോളിൻ പോൾ രക്തമൂലകോശ ദാനത്തെ കുറിച്ച് ക്ലാസ് എടുത്തു. 18 മുതൽ 50 വയസ്സു വരെയുള്ളവർക്ക് രക്തമൂലകോശം ദാനം നടത്താം.

പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.സി. ബിജു ചെയർമാനും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായ കെ.പി. കണ്ണൻ, അനൂപ് മാമ്പ്ര, കെ.പി. ഋഷിപാൽ, കെ.വി. ഹജീഷ് എന്നിവർ കൺവീനർമാരും വാർഡ് മെംബർമാർ കമ്മിറ്റിയംഗങ്ങളുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

വിവിധ രാഷ്ട്രീയ-മത-കലാകായിക സംഘടനകൾ, ലൈഫ്ഗാർഡ്സ്, കുടുംബശ്രീ, നമ്മുടെ ഇരിങ്ങാലക്കുട ഫേസ്ബുക്ക് കൂട്ടായ്മ, എടതിരിഞ്ഞി സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ സഹകരണത്തോടെയാണ് ക്യാംപുകൾ സംഘടിപ്പിക്കുന്നത്. ഇതിനായി വരും ദിവസങ്ങളിൽ വാർഡ് തലത്തിൽ ബോധവൽകരണ ക്യാംപുകൾ സംഘടിപ്പിക്കും. ഫോൺ: 9496046142.